"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീമതി. അപൂർവ്വ ത്രിപാഠി ഐ.എ.എസ്-ന്, ക്രൂസ് ഡയറക്ടർ ബോർഡ് ചെയർമാന്റെ അധിക ചുമതല താത്കാലികമായി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1160/2026/LSGD തീയതി,തിരുവനന്തപുരം, 23-06-2026

---

പരാമർശം:-
1. 09/01/2026-ലെ സ.ഉ.(സാധാ)നം.72/2026/തസ്വഭവ നമ്പർ ഉത്തരവ്
2. 06/06/2026-ലെ സ.ഉ.(കൈ)നം.12/2026/പി.& ഇ.എ നമ്പർ ഉത്തരവ്
3. ക്രൂസ് സെക്രട്ടറിയുടെ 17/06/2026-ലെ KREWS/144/2026-A നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റി (ക്രൂസ്) ഡയറക്ടർ ബോർഡ് താത്കാലികമായി പുനഃസംഘടിപ്പിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ഒഴിഞ്ഞുകിടക്കുന്ന ബോർഡ് തസ്തികകളിൽ പുതിയ നിയമനം നടത്തുന്നതുവരെ സീനിയർ മോസ്റ്റ് ഓഫീസർക്ക് ചുമതല നൽകുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3.നിലവിലുള്ള 15 അംഗ ഡയറക്ടർ ബോർഡിൽ ക്രൂസ് ഡയറക്ടർ ബോർഡ് ചെയർമാൻ ശ്രീ. പി. ഉണ്ണികൃഷ്ണൻ 15/06/2026 തീയതിയിൽ ക്രൂസ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ 13 പ്രകാരം രാജിക്കത്ത് സമർപ്പിച്ചിട്ടുള്ളതായും നിലവിലെ ക്രൂസ് മാനേജിംഗ് ഡയറക്ടർ ആയ ശ്രീമതി. അപൂർവ്വ ത്രിപാഠി IAS, ക്രൂസ് ചെയർമാന്റെ അഡീഷണൽ ചാർജ്ജ് വഹിക്കുവാൻ തയ്യാറാണെന്ന വിവരവും പരാമർശം (3) പ്രകാരം ക്രൂസ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്രൂസിന്റെ ദൈനംദിന പ്രവർത്തനം തടസ്സം കൂടാതെ നടത്തുന്നതിനായി ക്രൂസ് മാനേജിംഗ് ഡയറക്ടർ ആയ ശ്രീമതി.അപൂർവ്വ ത്രിപാഠി ഐ.എ.എസ്-ന് ക്രൂസ് ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കുന്നതുവരെ ക്രൂസ് ചെയർമാന്റെ അധിക ചുമതല

താത്കാലികമായി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി. അപൂർവ്വ ത്രിപാഠി IAS, ഡയറക്ടർ(റൂറൽ) & ക്രൂസ് മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
സെക്രട്ടറി, ക്രൂസ്, തിരുവനന്തപുരം
ബന്ധപ്പെട്ട എല്ലാവർക്കും (ക്രൂസ് സെക്രട്ടറി മുഖേന)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്& ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 23-06-2026 12:01:27